അംഗീകാരം ലഭിച്ചു. ഈ പദ്ധതിയിൽപ്പെട്ട പണികളും മറ്റ് പ്രവർത്തനങ്ങളും വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്.

**വസ്തു കൈമാറ്റ ആധാരം സ്വന്തമായി എഴുതി രജിസ്റ്റർ ചെയ്യാമെന്ന നിയമം**

96(784) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വസ്തു കൈമാറ്റ ആധാരം സ്വന്തമായി എഴുതി രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച നിയമം സംസ്ഥാനത്ത് പ്രാബല്യത്തിലുണ്ടോ ; എങ്കിൽ എന്നുമുതലാണ് പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ നിയമം വഴി ആധാരമെഴുത്ത് രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) പുതിയ നിയമം റിയൽ എസ്റ്റേറ്റ് മാഫിയയ്ക്ക് ഗുണകരമാവുമെന്നും അതുവഴി വസ്തു കൈമാറ്റ രജിസ്ട്രേഷന്റെ സുതാര്യത നഷ്ടമാവുമെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പുതിയ നിയമത്തെ തുടർന്ന് രജിസ്ട്രേഷൻ വകുപ്പിൽ നിന്ന് വിരമിച്ചവർക്ക് ആധാരം തയ്യാറാക്കാൻ നൽകിയിരുന്ന ലൈസൻസ് റദ്ദാക്കപ്പെട്ടുമോ എന്ന് വ്യക്തമാക്കുമോ;

(ഇ) രജിസ്ട്രേഷൻ വകുപ്പ് നടത്തിയ പരീക്ഷകളിൽ വിജയിച്ചവരുടെ ലൈസൻസ് നിലനിൽക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 1-3-2016-ലെ ഐ.റ്റി.3/30120/10 നമ്പരിലുള്ളതും, 31-5-2016-ലെ 22-ാം നമ്പർ ഗസറ്റിലൂടെ പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തിലൂടെ പ്രാബല്യത്തിൽ വന്നു.

(ബി) ആധാരം രജിസ്ട്രേഷൻ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനും പരാതിരഹിതമാക്കുന്നതിനും മേൽ വിജ്ഞാപനം സഹായകരമായിരിക്കും എന്നാണ് ഉദ്ദേശത്തിലൂടെ വിശദീകരിക്കുന്നത്.

(സി) പ്രസ്തുത വിജ്ഞാപനം സംബന്ധിച്ച് ആധാരമെഴുത്ത് ലൈസൻസികളുടെ സംഘടനകളുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അവയിൽ ഇപ്രകാരം ആരോപണമുണ്ട്. അവ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ഡി) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ 2016 മാർച്ച് 1-ാം തീയതി 519-ാം നമ്പരായി പ്രസിദ്ധീകരിച്ച ഐ.റ്റി.3/30120(1)/10 നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം രജിസ്ട്രേഷൻ വകുപ്പിൽനിന്നും വിരമിച്ച ജീവനക്കാർക്ക് 1-3-2016 മുതൽ ആധാരം തയ്യാറാക്കൽ, കൈപ്പട ലൈസൻസുകൾ നൽകുന്നില്ല. എന്നാൽ വിവേചനം ഒഴിവാക്കാൻ മുൻപ് നൽകിയ ലൈസൻസുകൾ റദ്ദാക്കേണ്ടിവരുമോയെന്ന് പരിശോധിക്കുന്നതാണ്.

(ഇ) രജിസ്ട്രേഷൻ വകുപ്പ് നടത്തിയ പരീക്ഷകളിൽ വിജയിച്ചവരുടെ ലൈസൻസ് നിലനിൽക്കുന്നതാണ്.

**ആധാരം രജിസ്റ്റർ ചെയ്യൽ**

97(785) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരം എഴുത്തുകാരെ ഒഴിവാക്കി, ഭൂമി കൈമാറ്റം ചെയ്യുന്നവർക്ക് സ്വന്തമായി ആധാരം എഴുതി രജിസ്റ്റർ ചെയ്യാനുള്ള സാഹചര്യം ഉണ്ടായതുമൂലം നിലവിൽ കേരളത്തിൽ എന്തെങ്കിലും പ്രതിസന്ധി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്വന്തമായി ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിവരിക്കുമോ ;

(സി) കേരളത്തിലെ എത്ര ആധാരമെഴുത്തുകാരെ ഇത് ബാധിക്കുമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 1-3-2016-ലെ ഐ.റ്റി.3/ 30120/10 നമ്പരിലുള്ളതും 31-5-2016 ലെ 22-ാം നമ്പർ ഗസറ്റിലൂടെ പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം ആധാരം എഴുതിക്കൊടുക്കുന്ന ആൾക്കും എഴുതി വാങ്ങുന്ന ആൾക്കും ആധാരം സ്വന്തമായി തയ്യാറാക്കി രജിസ്ട്രേഷന് ഹാജരാക്കാൻ സാധിക്കും. എന്നാൽ ആധാരം തയ്യാറാക്കുന്നതിൽ നിന്നും ആധാരം എഴുത്തുകാരെ ഒഴിവാക്കിയിട്ടില്ല. മേൽ വിജ്ഞാപനം വന്നതിനുശേഷം രജിസ്ട്രേഷൻ മേഖലയിൽ എന്തെങ്കിലും പ്രതിസന്ധി ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആരെങ്കിലും സ്വന്തമായി എഴുതിയതായി റിപ്പോർട്ടില്ല. എഴുത്തുകാർ സമരം പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) സ്വന്തമായി ആധാരം രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. ആധാര രജിസ്ട്രേഷനുവേണ്ടി നിലവിലുള്ള മാനദണ്ഡങ്ങൾ തന്നെയാണ് ഇതിനായി പാലിക്കേണ്ടത്.